ശ്രീ. ബേബിജോൺ : സർ, ഞങ്ങൾ യോജിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ അർത്ഥത്തിൽ ഒരു ഭേദഗതി അവതരിപ്പിച്ചാൽ മതി.

ശ്രീ. കെ. എം. മാണി : സർ, ഭേദഗതി പറയില്ല. നിങ്ങളുടെ പ്രമേയത്തിൽ പറയില്ല. നിങ്ങളുടെ പ്രമേയം എന്നു പറയുന്നത് അതൊരു ഇൻഹറൻറ് ആയ വീക്കിനസ്സുള്ള, ഡിഫക്ടീവ് ആയിട്ട് ഡ്രഫ്റ്റ് ചെയ്ത ഒരു പ്രമേയമാണ്. ആ പ്രമേയം ഇനി ഇപ്പോൾ അമെൻഡ് ചെയ്യാൻ പറയില്ല. അതിലെ സ്പിരിറിനോട് ഞങ്ങൾ യോജിക്കുന്നു. ആ സ്പിരിറ് ഞങ്ങൾ ഉൾക്കൊള്ളുന്നു. ആ നിലക്ക് സ്പിരിറ് ഉൾക്കൊണ്ടുകൊണ്ട് നമുക്കിത് അവസാനിപ്പിക്കാം.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്, സ്പിരിറും ചാരായവുമൊന്നും നമുക്കു വേണ്ട. നമുക്കു വേണ്ടത് കേന്ദ്ര ഗവൺമെൻറ് പാലക്കാട് സ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി ഇവിടെതന്നെ അനുവദിച്ചുകിട്ടാൻ ഈ അസംബ്ലിയിൽ ഒരു പ്രമേയംമൂലം ആവശ്യപ്പെട്ടു. എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ അതു വരുത്തി പ്രമേയം പാസാക്കണം. .....(ബഹളം).....

ശ്രീ. കെ. എം. മാണി : ഞാൻ പറഞ്ഞതിനെ ബഹുമാനപ്പെട്ട നായനാർ പരിമിതപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞത്, ഇത് കേരളത്തിൽ സ്ഥാപിക്കണം, ആ സ്പിരിട്ട് ഉൾക്കൊള്ളണം. അതിനുവേണ്ടി ഒന്നിച്ച് നമുക്ക് നിലകൊള്ളാം. നിങ്ങളുടെ പ്രമേയം ഡിഫക്ടീവാണ്. അതുകൊണ്ട് യോജിക്കാൻ പറയില്ല.

ശ്രീ. പി. വിജയദാസ് : അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ.ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേഗേതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഭേഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ. സി. വാസുദേവമേനോൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് തള്ളിക്കളഞ്ഞു.

2. കുട്ടനാട് ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരണം

ഡോ. കെ. സി. ജോസഫ് : സർ, ഞാനെൻറ പ്രമേയം അവതരിപ്പിക്കുകയാണ്.

"ഒരു പിന്നോക്കപ്രദേശമായ കുട്ടനാടിൻറെ സർവതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി കുട്ടനാട് താലൂക്ക്, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, ചേർത്തല, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ കുട്ടനാടൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കുട്ടനാട് ഡവലപ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാനഗവൺമെൻറിനോട് ഭ്യർത്ഥിക്കുന്നു."

സർ, ഈ പ്രമേയത്തിൽ കുട്ടനാടൻ മേഖലയിൽപ്പെട്ട മാവേലിക്കര താലൂക്കിലെ ചില വില്ലേജുകൾ കൂടി ഉൾക്കൊള്ളിക്കത്തക്കവണ്ണമുള്ള ഒരു ഭേദഗതി കൂടിയുണ്ട്. അതും കൂടി അംഗീകരിക്കുന്നതിന് വിരോധമില്ല. ചരിത്ര പുരാതനവും പ്രസിദ്ധവുമായ കുട്ടനാട് ഇന്ന് കേരളത്തിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

അവികസിത മേഖലയായി മാറിയിരിക്കുകയാണ്. എട്ടാം നൂറ്റാണ്ടിലെഴുതിയ 'തിരുവായ്മൊഴി' എന്ന പുസ്തകത്തിലും പതിനൊന്നാം നൂറ്റാണ്ടിലെഴുതിയ 'പെരിയപുരാണം' എന്ന പുസ്തകത്തിലും കുട്ടനാടിനെക്കുറിച്ചുള്ള പരാമർശമുണ്ട്. മഹാഭാരതത്തിൽ പരാമർശിക്കപ്പെടുന്ന 'ഖാണ്ഡവവനം' കുട്ടനാട്ടിലായിരുന്നുവെന്നാണ് ഐതിഹ്യം. അത്രയും ചരിത്രപ്രാധാന്യമുള്ള കുട്ടനാട് ഇന്ന് വളരെ അവഗണിക്കപ്പെട്ടു കിടക്കുകയാണ്. കുട്ടനാട് താലൂക്ക്, ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ ഏതാണ്ട് 79 വില്ലേജുകളും ഉൾപ്പെടുന്ന ഭൂപ്രദേശമാണ് കുട്ടനാട്. ഏതാണ്ട് 631.6 സ്ക്വയർമൈൽ വിസ്തീർണ്ണവും ഇരുപത് ലക്ഷം ജനങ്ങളും അധിവസിക്കുന്നതുമായ പ്രദേശമാണിത്. കേരളത്തിന്റെ നെല്ലറയായി അറിയപ്പെടുന്ന കുട്ടനാട് ഇൻഡ്യയിലെ സമുദ്ര നിരപ്പിൽ നിന്ന് താഴ്ന്നുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്ന ഏകഭോഗമാണ്. ഈ പ്രദേശങ്ങളിൽ ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരും കർഷകത്തൊഴിലാളികളുമാണ്. നെൽകൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. കഴിഞ്ഞ കുറെ കാലത്തിനിടയിൽ ഭൂമിക്ക് വിലവർദ്ധിക്കാത്ത ഏകപ്രദേശമാണ് കുട്ടനാട് എന്ന് കാണാൻ കഴിയും. അത്രമാത്രം അവികസിതമായ ഒരു മേഖലയായി മാറിയിരിക്കുന്നതുകൊണ്ടാണ് ഭൂമിക്ക് വില കൂടാത്തത്. സ്വതവേ അവികസിത മേഖലയായ കുട്ടനാട് ഈ വർഷത്തെ വെള്ളപ്പൊക്കം മൂലം കൂടുതൽ പ്രശ്നങ്ങളെ ഇന്ന് നേരിടുകയാണ്. ഈ പ്രദേശങ്ങളിലെ പൊതുവായ പ്രശ്നങ്ങളെക്കുറിച്ചും കർഷകരുടെ പ്രത്യേകമായ പ്രശ്നങ്ങളെക്കുറിച്ചും പഠിക്കാൻ കാലാകാലങ്ങളിൽ പലകമ്മിഷനുകളെയും നിയമിക്കുകയുണ്ടായി. അവർ ഗവൺമെന്റിന് റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും അവസാനം രൂപീകരിച്ച ജനാർദ്ദനൻ നായർ കമ്മിഷൻ 1981 അവസാനം റിപ്പോർട്ട് സമർപ്പിച്ചതാണെങ്കിലും അത് പ്രസിദ്ധീകരിക്കുവാനോ, അതിലെ ശുപാർശകളെക്കുറിച്ച് പഠിച്ച് കർഷകരുമായി ചർച്ച ചെയ്ത് ആ ശുപാർശകൾ നടപ്പിലാക്കാനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അത് ഏറ്റവും വേഗം പ്രസിദ്ധീകരിക്കുകയും അതിലെ നിർദ്ദേശങ്ങളെക്കുറിച്ച് കർഷകരും കുട്ടനാടൻ മേഖലയിലുള്ള ആൾക്കാരുമായി ചർച്ച ചെയ്ത് ആ തീരുമാനം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. 1971-ൽ ആണ് അതിനുമുമ്പ് നിയമിച്ചിരുന്ന സി. തോമസ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രീമതി കെ. ആർ. ഗൗരി : ജനാർദ്ദനൻ നായർ കമ്മിഷന്റെ റിപ്പോർട്ട് നടപ്പിലാക്കുന്നത് കുട്ടനാട്ടുകാരോട് മാത്രം ചർച്ച ചെയ്തിട്ടു പോര. അത് നെൽക്കൃഷിക്കാരുടേതാണ്. പാലക്കാട്ടിലെ എല്ലാ കർഷകരോടും ചർച്ച ചെയ്തിട്ടുവേണം അത് നടപ്പിലാക്കാൻ.

ഡോ. കെ. സി. ജോസഫ് : നെൽക്കൃഷിക്കാരെക്കുറിച്ച് പൊതുവായിട്ടു പറയുമ്പോൾ സ്വാഭാവികമായിട്ടും കുട്ടനാട് പ്രാധാന്യത്തോടുകൂടിത്തന്നെ അതിൽ വരും. സി. തോമസ് കമ്മിഷൻ 1971-ൽ ആണ് റിപ്പോർട്ട് സമർപ്പിച്ചത്. വിവിധ പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു; പഠിച്ചു. കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉന്നയിച്ചു. അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ വളരെ പ്രാധാന്യത്തോടുകൂടി പറഞ്ഞു. കുട്ടനാടിന്റെ സമഗ്രമായ വികസനത്തിന് ചെറിയ പരിപാടി കൊണ്ടൊന്നും സാധിക്കില്ല, സമഗ്രമായ ഒരു കുട്ടനാട്

വികസന അതോറിട്ടിക്ക് രൂപം കൊടുക്കണമെന്ന്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

We recommend that among other things, the following may be included in the functions of the Authority :

(i) Development of Agriculture, Animal Husbandry, Dairying and Polutry.

(ii) Development of communication facilities in Kuttanad including Inland Navigation.

(iii) Extension of electricity.

(iv) Adoption of flood control measures.

(v) Development of Industries, Pisciculture etc., and

(vi) Promotion of Tourism.

We hope that it would be possible for the Government to see that the Kuttanad Development Authority will come into being at an early date so that all these activities could be pursued without delay.

1971-ൽ ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സി. തോമസ് കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിൽ പ്രാധാന്യത്തോടുകൂടി പറഞ്ഞിരിക്കുന്ന ഇക്കാര്യത്തെക്കുറിച്ച് അനന്തര നടപടികളൊന്നുമുണ്ടായിട്ടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് പ്രസംഗം അടുത്ത പ്രാവശ്യം തുടരാം.

(X) അവകാശലംഘന പ്രശ്നങ്ങൾ

ജലസേചനവകുപ്പു മന്ത്രിക്കും, ആഭ്യന്തരവകുപ്പു മന്ത്രിക്കും ക്ഷേമവും, സിവിൽസപ്ലൈസും വകുപ്പു മന്ത്രിക്കും എതിരായിട്ടുള്ളവ

മി. സ്പീക്കർ : നിയമത്തിൽ പര്യാപ്തമായ വ്യവസ്ഥയില്ലാതെ ജല-മലിനജല അതോറിട്ടിക്ക് ലോണും കോൺട്രിബ്യൂഷനും നൽകിയെന്നും ഒരു വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് നിയമസഭയ്ക്ക് നൽകാതെ വലിയ തുകകൾ ഗ്രാൻറായി പാസ്സാക്കി എടുത്തുവെന്നും ലോണും കോൺട്രിബ്യൂഷനും മറ്റും നൽകാൻ വ്യവസ്ഥയില്ലാതിരിക്കെ അങ്ങനെയുള്ള തെറ്റായ വിവരം സബ്ജക്ട് കമ്മിറ്റിക്ക് നൽകിയെന്നും ഇപ്രകാരം നിയമസഭയെ കബളിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്ത്, ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി നിയമസഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളെ ലംഘിച്ചിരിക്കുകയാണെന്നും ഈ പ്രശ്നം ഉന്നയിക്കാൻ തനിക്ക് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഒരു നോട്ടീസ് നൽകുകയുണ്ടായി. ഇതിനെ സംബന്ധിച്ച് ചെയർ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. അദ്ദേഹത്തിൻറെ വിശദീകരണത്തിൽ ലോണും കോൺട്രിബ്യൂഷനും അതോറിട്ടിക്ക് നൽകാൻ അതോറിട്ടിക്ക്, രൂപ കൊടുത്ത അവസരത്തിൽ വ്യവസ്ഥയില്ലായിരുന്നുവെങ്കിലും പിന്നീട് അത് പൂർവ്വ കാലപ്രാബല്യത്തോടുകൂടി നിയമത്തിൽ ഉൾക്കൊള്ളിക്കുകയുണ്ടായി എന്നും നിയമവ്യവസ്ഥ ഉണ്ടാകുന്നതുവരെ ലോണും കോൺട്രിബ്യൂഷനും നൽകിയിട്ടില്ലായെന്നും വെളിപ്പെടുത്തുകയുണ്ടായി. ഒരു വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ്, ബഡ്ജറ്റിൻറെ ചർച്ചാവേളയിൽ സഭയ്ക്ക് നൽകുന്നതിനു നിയമത്തിൽ കഴിവതും വേഗത്തിൽ വ്യവസ്ഥ ഉണ്ടാകുന്നതാണെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly